LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സർവ്വകലാശാലകളെയും കോളേജുകളെയും ഓൺലൈൻമുഖേന ബന്ധിപ്പിച്ചുകൊണ്ടുള്ള ഇ-ഗവേണൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനുള്ള ടെന്റർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകിയിട്ടുണ്ട്. സർവ്വകലാശാലകളിലും കോളേജ് വിദ്യാഭ്യാസവകുപ്പിലും സാങ്കേതിക വിദ്യാഭ്യാസവകുപ്പിലും നടപ്പാക്കുന്ന ഈ പദ്ധതി പുരോഗമിച്ചുവരുന്നു.

സാങ്കേതിക സർവ്വകലാശാല

51 (2542) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സാങ്കേതിക സർവ്വകലാശാല എന്നുമുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ ; ഇതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ;

(സി) സാങ്കേതിക സർവ്വകലാശാല നിലവിൽ വരുമ്പോൾ സംസ്ഥാനത്ത് ഏകീകൃതമായ സിലബസ്സും പരീക്ഷാ സമ്പ്രദായവുമാണോ നിലവിൽ വരുന്നതെന്ന് അറിയിക്കാമോ ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത സർവ്വകലാശാലയിലേയ്ക്ക് ജീവനക്കാരുടെ നിയമനങ്ങൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കേരള ശാസ്ത സാങ്കേതിക സർവ്വകലാശാല 2014 സെപ്റ്റംബർ മാസം വൈസ്-ചാൻസലറും പ്രൊ-വൈസ്-ചാൻസലറും ചുമതലയേറ്റതോടുകൂടി പ്രവർത്തനം ആരംഭിച്ചു തുടർന്ന് രജിസ്ട്രാറും കൺട്രോളർ ഓഫ് എക്സാമിനേഷൻസും നിയമിതരായി.

(ബി) മറ്റ് സർവ്വകലാശാലകൾ നേരിട്ടു നടത്തുന്നവയല്ലാത്തതും എ.ഐ.സി.ടി.ഇ, സർക്കാർ എന്നിവയുടെ അംഗീകാരമുള്ളതുമായ എം.ടെക്, ബി.ടെക് കോഴ്സുകൾ നടത്തുന്ന എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും സർവ്വകലാശാലയോട് പ്രൊവിഷണലായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.